
# e- വിസ്മയം

## സാന്റാ ക്രൂസ് ഹൈസ്കൂൾ

### ഓച്ചന്തുരുത്ത്






## ചീഫ് അഡ്വൈസർ



**ധന്യ മേരി പി ജെ**
**(കൈറ്റ് മിസ്ട്രസ്)**

## ചീഫ് എഡിറ്റർ



**ആൻവിയ ഗ്രേയ്റ്റ്**

## സബ് എഡിറ്റർമാർ



**സ്വെറ്റ്ലെന സോജൻ**



**ശ്രീക്കുട്ടി ഇ.എൽ**



**ബെൻഹർ ജോസഫ്**

# ആമുഖം

**കൊറോണ നമ്മെ വീടുകളിൽ ഇരുത്തിയപ്പോൾ ഓരോ കാര്യങ്ങൾ ചെയ്യാനായി പുതിയ വഴികൾ നാം കണ്ടെത്തി. എന്നാൽ നമ്മുടെ വായനശീലം എവിടെയോ നമുക്കു നഷ്ടമായി. കൈവിട്ട് പോയതെല്ലാം തിരിച്ചുപിടിക്കുന്ന മനുഷ്യന് വായനയെ ഒരിക്കലും മാറ്റിനിർത്താനാവില്ല. അറിവു വികസിപ്പിക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചു. കൊച്ചു കൊച്ചു അറിവുകളും കഥകളും നിറഞ്ഞ ഒരു പുസ്തകം  നിങ്ങൾക്ക് മുന്നിൽ തുറക്കുന്നു.......**

# ആശംസ



ഓച്ചന്തുരുത്ത് സാന്റാക്രൂസ് ഹൈസ്കൂളിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഒരുക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.വിവരസാങ്കേതി കവിദ്യ അതിന്റെ പരകോടിയിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ  നമ്മളും മാറേണ്ടതുണ്ട്.ലോകം മുഴുവനും നമ്മുടെ വിരൽത്തുമ്പിൽ ഒതുങ്ങുന്ന ഒരു ലോകത്താണ് നാം കഴിയുന്നത്. "ഇ- വായനയ്ക്ക് "ഇന്ന് പ്രസക്തി ഏറിവരുന്നു.ഈ വിദ്യാലയത്തിലെ കൊച്ചു മിടുക്കികൾക്കും മിടുക്കന്മാർക്കും അവരുടെ സർഗ്ഗവാസന പ്രകടിപ്പിക്കാൻ ഈ സംരംഭം സഹായമാകട്ടെ എന്ന ആശംസയോടെ .......

സുബിൻ ഇഗ്നേഷ്യസ്
ചലച്ചിത്ര പിന്നണിഗായകൻ

# സാരഥികൾ



റവ.ഫാ.ആന്റണി ചെറിയകടവിൽ
സ്കൂൾ മാനേജർ



മേരി കെ എം
ഹെഡ്മിസ്ട്രസ്സ്



ബെസ്സി ആന്റണി വി
സീനിയർ അസിസ്റ്റന്റ്



കെ എം സിനോജ്കുമാർ
പി.ടി.എ പ്രസിഡന്റ്



# ഉള്ളടക്കം


★ പ്രവേശനോത്സവം
★ പഠന - പാഠ്യേതര പ്രവർത്തനങ്ങൾ
★ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ
★ സത്യമേവ ജയതേ
★ JRC സെമിനാർ
★ വ്യായാമം ആരോഗ്യത്തിന്റെ അടിസ്ഥാനം
★ ആഗോളതാപനം
★ തളരാതെ മുന്നോട്ട്
★ ഒരു മഴയുള്ള പുലരി
★ കാക്കയും മുത്തശ്ശിയും
★ അമ്മ
★ അച്ഛൻ, വീടിന്റെ നന്മമരം
★ രാത്രിയാകുന്ന അമ്മ
★ കള്ളൻ
★ കൊറോണ വരുത്തിയ മാറ്റങ്ങൾ
★ കുഞ്ഞു പക്ഷിയും വവ്വാലും
★ യാത്ര
★ ചിത്രരചനയിലൂടെ.......
★ പ്രകൃതി കാഴ്ച്ചകൾ

# പ്രവേശനോത്സവം 2021-'22

അറിവിന്റെ തണലിടങ്ങളിൽ നിന്ന് മാറി ഓൺലൈൻ പുതുമകളിലൂടെ പുത്തൻ അദ്ധ്യയനവർഷം.

ഒന്നര വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം വിദ്യാലയാങ്കണം വിദ്യാർത്ഥികളുടെ കാൽപ്പാദങ്ങൾ പതിഞ്ഞ് ധന്യമായ ദിവസമായിരുന്നു 2021 നവംബർ ഒന്ന്. വീടിനു പുറത്തിറങ്ങാനോ വിദ്യാലയത്തിൽ പോകാനോ കൂട്ടുകാരെ നേരിൽ കണ്ട് സൗഹൃദ സംഭാഷണത്തിൽ ഏർപ്പെടാനോ സാധിക്കാതിരുന്ന കൊറോണക്കാലത്തിന് വിരാമമിട്ടുകൊണ്ട് 2021-'22 അദ്ധ്യയന വർഷത്തെ പ്രവേശനോത്സവം വളരെ ഗംഭീരമായി വിദ്യാലയാങ്കണത്തിൽ വച്ച് ആഘോഷിച്ചു. ഓൺലൈൻ ക്ലാസിലെ വിരസതയിൽ മനംമടുത്ത വിദ്യാർത്ഥികളുടെ ഹൃദയത്തിലേക്ക് അറിവിന്റെ വെളിച്ചം നേരിട്ട് പകരാൻ അധ്യാപകരും ഏറെ ഉത്സുകരായിരുന്നു. കൊറോണയുടെ ഭീകരതയാൽ കൂട്ടിലടയ്ക്കപ്പെട്ട കിളികളെ പോലെ ജീവിച്ചിരുന്ന വിദ്യാർത്ഥികൾക്ക് വിദ്യാലയപ്രവേശനം ഏറെ ആശ്വാസകരമായി. കുട്ടികളുടെ മധുര ശബ്ദങ്ങളാൽ വിദ്യാലയാന്തരീക്ഷം മുഖരിതമായി. 2021- '22 അദ്ധ്യയനവർഷത്തെ പ്രവേശനോത്സവം ചരിത്രത്താളുകളിൽ ഇടം നേടുകയും ചെയ്തു.








# ലോക പരിസ്ഥിതി ദിനാചരണം

പ്രകൃതി ആകുന്ന അമ്മയുടെ മുൻപിൽ നമിച്ചു കൊണ്ട് പ്രകൃതിയെ സംരക്ഷിക്കാം. അതിന്റെ ആവശ്യകത മനസ്സിലേറ്റി കൊണ്ട് ലോക പരിസ്ഥിതി ദിനത്തിൽ വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. കെ.എൻ ഉണ്ണികൃഷ്ണൻ വൃക്ഷത്തൈ നട്ടു. വിദ്യാർത്ഥികൾ സ്വഭവനങ്ങളിൽ ആയിരുന്നുകൊണ്ട് അവരവരുടെ വീട്ടുമുറ്റത്ത് വൃക്ഷത്തൈകൾ നട്ടുകൊണ്ട് പ്രകൃതി ദിനാചരണത്തിൽ പങ്കെടുത്തു. മനുഷ്യരായ നാം ഓരോ അവസരങ്ങളിലും പ്രകൃതിയെ ആശ്രയിക്കുന്നതിനാൽ പ്രകൃതി സംരക്ഷണം നമ്മുടെ കടമയാണെന്ന് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുവാൻ ഈ പ്രവർത്തനം സഹായിച്ചു. പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്താൽ ഭൂമി ഒരു സ്വർഗമായിത്തീരും.





# സാന്റാ ഫെസ്റ്റ് -'21

## സ്കൂൾ കലാമേള

സംഗീതത്തിന്റെയും നൃത്തത്തിന്റെയും താള ഭേദങ്ങൾ സ്വന്തമാക്കിയ ദിനം.










പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും വിദ്യാഭ്യാസ കാലഘട്ടത്തിൽ വളരെയേറെ പ്രാധാന്യമുണ്ട്. പഠനഭാരം ലഘൂകരിക്കാൻ കലോത്സവങ്ങൾ നമ്മെ സഹായിക്കുന്നു. വിദ്യാർത്ഥികളുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കലാപരമായ കഴിവുകളെ പുറത്തേയ്ക്ക് കൊണ്ടുവരുവാനും പ്രോത്സാഹിപ്പിക്കുവാനും സാന്റാ ഫെസ്റ്റിലൂടെ സാധിച്ചു.

# സാന്റാ ഹോക്കി ടീം രൂപീകരണം

" ആരോഗ്യമാണ് സമ്പത്ത് "
" ആരോഗ്യമുള്ള ശരീരത്തിലെ
ആരോഗ്യമുള്ള മനസ്സുണ്ടാകൂ....."
കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ പ്രാധാന്യം കായിക വിദ്യാഭ്യാസത്തിനും ഉണ്ട്. വിദ്യാർത്ഥികളുടെ കായികപരമായ കഴിവുകൾ തെളിയിക്കുന്നതിനായി വിദ്യാലയത്തിൽ ഹോക്കി ടീം രൂപീകരിച്ചു. ഹോക്കി ടീമിന്റെ പ്രവർത്തനോദ്ഘാടനം 2021 ഡിസംബർ 8ന് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രസികല പ്രിയരാജ് വിദ്യാർത്ഥികൾക്ക് ഹോക്കി സ്റ്റിക്കുകൾ നൽകിക്കൊണ്ട് നിർവ്വഹിച്ചു. സ്കൂൾ മാനേജർ റവ.ഫാ. ആന്റണി ചെറിയകടവിൽ അധ്യക്ഷനായിരുന്നു.










# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

## വെബിനാർ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ കോവിഡ് വാക്സിനേഷൻ, കോവിഡ് കാലഘട്ടത്തെ മാറ്റങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി ബോധവൽകരണ ക്ലാസ്സ് സംഘടിപ്പിച്ചു. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ നിന്നും നൂറോളം വിദ്യാർത്ഥികൾ വെബിനാറിൽ പങ്കെടുത്തു.







കൂടാതെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സഹപാഠികൾക്കായി മലയാളം ടൈപ്പിംഗ് ,ആനിമേഷൻ എന്നിവയിലും പരിശീലന ക്ലാസ് സംഘടിപ്പിച്ചു.





# സത്യമേവ ജയതേ

നവമാധ്യമങ്ങളുടെ സ്വാധീനത്തിൽ വീണു പോയ യുവതലമുറയ്ക്ക് നന്മയുടെ പാഠങ്ങൾ പകരുന്നതിനായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഒരു ബോധവൽക്കരണ ക്ലാസ്സ് "സത്യമേവ ജയതേ "സംഘടിപ്പിച്ചു.





# JRC സെമിനാർ

JRC യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നവമാധ്യമ ആസക്തി, പ്രഥമ ശുശ്രൂഷ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി ബോധവൽകരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഈ കാലഘട്ടത്തിൽ സമൂഹ മാധ്യമങ്ങൾ എത്രമാത്രം വിദ്യാർത്ഥികളിലും മറ്റുള്ളവരിലും സ്വാധീനം ചെലുത്തുന്നു, അവ പിൽക്കാലത്ത് ഉളവാക്കുന്ന മാനസിക സംഘർഷങ്ങൾ എന്തൊക്കെയാണ് എന്നതിനെ ആസ്പദമാക്കിയും ക്ലാസ്സിൽ ചർച്ചകൾ നടന്നു.





# വ്യായാമം ആരോഗ്യത്തിന്റെ അടിസ്ഥാനം

നമ്മളെല്ലാവരും രോഗങ്ങളെക്കുറിച്ച് അറിവുള്ളവരാണ്. എന്നാൽ രോഗങ്ങൾ ബാധിച്ചതിനുശേഷം അവയെ ചികിത്സായോഗ്യമാക്കാതെ ആരോഗ്യമുള്ളവരായിരിക്കാൻ നമ്മെ സഹായിക്കുന്ന ഒരു ഘടകമാണ് വ്യായാമം. വ്യായാമത്തിന്റെ ചില സവിശേഷതകൾ ഒന്നു പരിചയപ്പെടാം:-

- പതിവായുള്ള വ്യായാമം കലോറി എരിച്ചു കളയുന്നതിലൂടെ അമിത ഭാരം ഇല്ലാതെ നാം ആഗ്രഹിക്കുന്ന ഭാരം നിലനിർത്താൻ സഹായിക്കും.
- വ്യായാമത്തിലൂടെ രക്ത സമ്മർദ്ദം കുറയുകയും, നല്ല കൊളസ്ട്രോൾ അഥവാ ലിപ്പോപ്രോട്ടീൻ കൊളസ്ട്രോളിന്റെ അളവു കൂടുകയും ചെയ്യുന്നതിലൂടെ രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും.
- വ്യായാമത്തിലൂടെ പേശികൾക്ക് കൂടുതൽ ദൃഢത കൈവരുകയും അത് പ്രായം കൂടുമ്പോഴുള്ള പേശികളുടെ അളവ് കുറയുന്നതിനെ തടയുകയും ചെയ്യുന്നു.
- വ്യായാമം ചെയ്യുമ്പോൾ ശരീരം മുഴുവൻ ചൂടാകുന്നു. ഇത് രാത്രിയിൽ നമ്മെ പെട്ടെന്ന് ഉറക്കത്തിലേക്ക് വഴുതി വീഴാൻ സഹായിക്കുന്നു. അതുമൂലം കൂടുതൽ നേരം ഉറങ്ങാനും ഉറക്കമില്ലായ്മയുടെ ക്ഷീണം അകറ്റാനും സഹായിക്കുന്നു.



- വ്യായാമത്തിലൂടെ ചർമ്മത്തിലേക്ക് കൂടുതൽ ഓക്സിജനും പോഷകങ്ങളും എത്തുന്നു. ഇത് ചർമ്മസൗന്ദര്യം നിലനിർത്തുന്നു.
- വിട്ടുമാറാത്ത ശരീര വേദന കുറയ്ക്കാൻ വ്യായാമം സഹായിക്കുന്നു.

ഇതു മാത്രമല്ല ഒട്ടനവധി മറ്റു ഗുണങ്ങളും വ്യായാമത്തിനുണ്ട്. അതുകൊണ്ട് നാമെല്ലാവരും കുറഞ്ഞത് 40 മിനിട്ട് ഒരു ദിവസം വ്യായാമം ചെയ്യുക. ആരോഗ്യത്തോടെ സുരക്ഷിതരായി ഇരിക്കുക .......



**സ്വെറ്റ്ലെന സോജൻ**
**9 B**


# ആഗോള താപനം

" ചേട്ടാ എനിക്ക് ചൂട് ഒട്ടും സഹിക്കാൻ വയ്യ! ഇങ്ങനെയാണെങ്കിൽ ഞാനും ഒരു തീഗോളമായി തീരും.





" ഞാൻ ഒട്ടും ചൂട് കൂട്ടിയിട്ടില്ല മനുഷ്യരുടെ പ്രവൃത്തിയാണ് ഭൂമിയിൽ ചൂട് കൂട്ടുന്നത്.



കണ്ടോ ഭൂമിയിലെ ചൂട് കൂടാൻ കാരണം സൂര്യൻ അല്ല മനുഷ്യരാണ്. നമ്മുടെ പ്രവൃത്തിയാണ് എല്ലാത്തിനും കാരണം. നമ്മൾ അന്തരീക്ഷത്തിലേക്ക് കൂടുതൽ കാർബൺഡയോക്സൈഡ് കടത്തി വിടുന്നത് കൊണ്ടാണ് ഭൂമിയിലെ ചൂട് കൂടുന്നത്. കാർബൺഡയോക്സൈഡിനെ ചെറുക്കാൻ ചെടികൾക്കും മരങ്ങൾക്കും പച്ചപ്പിനും മാത്രമേ സാധിക്കൂ. അതുകൊണ്ട് ചെടികളും മരങ്ങളും പച്ചപ്പും നശിപ്പിക്കാതിരിക്കൂ.....



**അനുപമ കെ . ദ്രവിഡ**
**9 B**

# തളരാതെ മുന്നോട്ട്

പെൺകുട്ടിയേ .........
സമൂഹപാരമ്പര്യത്തിൻ വേരുകളിൽ
അകപ്പെട്ടോ നീ ........
കൂട്ടിലടക്കപ്പെട്ട കിളിയെ പോലെ
നിൻ സ്വപ്നങ്ങൾ തകർന്നു പോയോ?
വിദ്യയോടുള്ള നിൻ കൗതുകത്തെ
ആരറിയുന്നു!
ഉന്നതപഠനം നീ ആഗ്രഹിക്കുമ്പോൾ
സമൂഹം നീയൊരു പെൺകുട്ടി
എന്ന് വിധിക്കുന്നു
എങ്കിലും നീ പറന്നുയരണം
പടവുകൾ ചവിട്ടികയറണം
ചിറകുയർത്തി നിന്റെ ലക്ഷ്യങ്ങൾ
നീ നേടിയെടുക്കണം
സമൂഹത്തെ ഭയപ്പെടാതെ
ചിട്ടവട്ടങ്ങളെ നോക്കാതെ
നീ മുന്നോട്ട് സഞ്ചരിക്കണം
തലമുറകൾ നിന്റെ പാതയെ
മാതൃകയാക്കട്ടെ






**ഇവാനിയ ടി.എ**
**9 B**

# ഒരു മഴയുള്ള പുലരി



പ്രഭാതത്തിലെ ഇളം കാറ്റിന് മഴയുടെ ഗന്ധമുണ്ടായിരുന്നു. ആ ശീതളമായ കാറ്റ് ഓരോ ചെടികളെയും തലോടി നീങ്ങി. മഴയെ വരവേറ്റ് കിളികൾ മധുരമായി പാടുന്നുണ്ടായിരുന്നു. പാതി തെളിഞ്ഞ് കാർമേഘങ്ങളാൽ മൂടി ഇരുളിമയാർന്ന പകൽ. മഴത്തുള്ളികൾ മണ്ണിൽ വന്നു പതിച്ചു. മണ്ണിന്റെ ഗന്ധം പരന്നു. കുളിരുന്ന തണുപ്പ്. മഴത്തുള്ളികൾ വീഴുന്നത് ഒരു പ്രത്യേക താളത്തിലായിരുന്നു. പെട്ടെന്നൊരു  കാറ്റ് വീശി, മാമ്പൂക്കളെല്ലാം അതിനോടൊപ്പം താഴേക്ക് വീണു.ഓടിട്ട മേൽക്കൂരയിലൂടെ മഴത്തുള്ളികൾ മുത്തുകൾ പോലെ വീണുകൊണ്ടേയിരുന്നു. തുമ്പോർജിയയുടെ വെള്ളപ്പൂക്കൾ കൂടുതൽ ഭംഗിയുള്ളതായി. രണ്ടു മണ്ണാത്തിപ്പുള്ളുകൾ...ആ ഇണകൾ മഴയെ ആസ്വദിക്കുന്നുണ്ടായിരുന്നു.മാങ്കൊമ്പിലൂടെ പുളിയുറുമ്പുകൾ നിരയായി നീങ്ങുന്നുണ്ടായിരുന്നു.മഴയത്തും അവർ അവരുടെ ജോലി തുടർന്നു കൊണ്ടിരുന്നു..ഒന്നു നനയണമെന്നുണ്ടെങ്കിലും, നനഞ്ഞില്ല.മഴയെ കണ്ടാസ്വദിക്കുന്നതിലും ഒരു സുഖമുണ്ട്..വരാന്തയുടെ പടികളിൽ ഇരുന്ന് മഴയെ കണ്ണിമ ചിമ്മാതെ നോക്കിക്കണ്ടു. പണ്ട് കടലാസ് വഞ്ചി ഉണ്ടാക്കി മഴ വെള്ളത്തിലൊഴുക്കി കളിച്ചതും  നനഞ്ഞതും ഇന്നലെയെന്നപോലെ എല്ലാം ഓർമ്മയിൽ  വന്നു. കണ്ടു തീരുന്നതിനു മുൻപേ മഴ തോർന്നു. ഇലകളിലെ വെള്ളം തുള്ളികളായി വീണുകൊണ്ടിരുന്നു. മഴക്കാറുകളും പോയ് മറഞ്ഞു.വെളിച്ചത്തിൽ മഴത്തുള്ളികൾ കൂടുതൽ തിളക്കമാർന്നതായി. തൂവെള്ള മേഘങ്ങളാൽ ആകാശം നിറഞ്ഞു. അങ്ങനെ ഈ മഴയും കടന്നു പോയി! ഓരോ മഴയും ഓരോ പുതിയ അനുഭവമാണ്.



**ആൻവിയ ഗ്രേയ്റ്റ്**
**9 B**

# കാക്കയും മുത്തശ്ശിയും

ഒരിടത്ത് ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു. മുത്തശ്ശി തന്റെ വീടും പരിസരവും എല്ലാം വൃത്തിയായി സൂക്ഷിക്കുമായിരുന്നു. പൂക്കളും ചെടികളും വെച്ച് പിടിപ്പിച്ചു തന്റെ വീടും പരിസരവും എപ്പോഴും ഭംഗിയായി സൂക്ഷിക്കുമായിരുന്നു. എന്നാൽ പക്ഷികളെയും ചെടികളെയും ഇഷ്ടപ്പെട്ടിരുന്ന മുത്തശ്ശി മുറ്റത്തും മരക്കൊമ്പുകളിലും വന്നിരിക്കുന്ന കാക്കകളുമായി നിരന്തരം വഴക്കടിച്ചിരുന്നു. 'ശോ! ഈ കാക്കകളെ കൊണ്ട് തോറ്റു എപ്പൊ നോക്കിയാലും ഉണ്ടാവും ശല്യം ' ' പോ കാക്കേ പോ ' തേനീച്ച കുഞ്ഞുങ്ങൾ പരസ്പരം ചോദിച്ചു. മുത്തശ്ശി എന്തിനാ ഈ പാവം കാക്കകളെ ഓടിക്കുന്നത്. കാക്കകൾക്കു ഭംഗി ഇല്ലാത്തതു കൊണ്ടാണോ? ആരെയും വിലകുറച്ചു കാണുന്നത് നല്ലതല്ല എന്ന് പറഞ്ഞു തേനീച്ച കുഞ്ഞുങ്ങൾ പോയി.അങ്ങനെയിരിക്കെ മുത്തശ്ശി വയ്യാതെ കിടപ്പിലായി. മുറിയിലെ കട്ടിലിൽ കിടക്കുന്ന മുത്തശ്ശി ജനാലയിലൂടെ തന്റെ മുറ്റത്തു വീണു കിടക്കുന്ന ഇലകളും കമ്പുകളും കണ്ടു വിഷമിച്ചു. അയ്യോ! എന്റെ മുറ്റവും പരിസരവും ആകെ വൃത്തികേടായി കിടക്കുന്നുവല്ലോ എന്ന് സങ്കടത്തോടെ പറഞ്ഞു. ഇനിയിപ്പോ അസുഖം കുറഞ്ഞിട്ടു ചെയ്യാം എന്ന് കരുതി ആശ്വസിച്ചു. ഒരു സഹായത്തിനു ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്ന് മുത്തശ്ശി മനസ്സിൽ ചിന്തിച്ചു. വീട്ടുമുറ്റത്തെ മരക്കൊമ്പിൽ പതിവുപോലെ വന്നിറങ്ങിയ കാക്കകൾക്കു മുത്തശ്ശിയുടെ വീടും പരിസരവും വൃത്തികേടായി കിടക്കുന്ന കണ്ടപ്പോൾ സംശയം തോന്നി. മിന്നു കാക്ക ചോദിച്ചു മുത്തശ്ശി ഇവിടെ ഇല്ലേ വീടും പരിസരവും ആകെ വൃത്തികേടായി കിടക്കുന്നുവല്ലോ. അടുത്തിരുന്ന കാക്കച്ചി പറഞ്ഞു. അത് ശരിയാണല്ലോ എപ്പോഴും ഇവിടം വൃത്തിയായി സൂക്ഷിക്കുന്ന മുത്തശ്ശി അല്ലേ. മുത്തശ്ശിക്കെന്തു പറ്റി! എല്ലാവരുടെയും മനസ്സിൽ ഓരോരോ ചോദ്യങ്ങളായിരുന്നു 'മുത്തശ്ശി എവിടെയെങ്കിലും പോയോ? മുത്തശ്ശിക്ക് വയ്യാതായോ? എന്നൊക്കെ....അപ്പോൾ ചിന്നു കാക്ക പറഞ്ഞു നമുക്കു ഇവിടെയൊക്കെ വൃത്തിയാക്കിയാലോ എന്ന്. കുഞ്ഞു കാക്കയ്ക്കു ഒട്ടും താല്പര്യമുണ്ടായിരുന്നില്ല.അപ്പോ അടുത്തിരുന്ന കാക്ക ചോദിച്ചു. നമ്മൾ ഇതൊക്കെ ചെയ്താൽ മുത്തശ്ശിക്ക് ഇഷ്ടപ്പെടുമോ എന്ന്. ചിന്നു പറഞ്ഞു മുത്തശ്ശി മറ്റൊന്നും വിചാരിച്ചു പറയണതാവില്ല. വാ കൂട്ടുകാരെ നമുക്കു ചെയ്യാം മുത്തശ്ശിക്ക് സന്തോഷം ആകട്ടെ എന്ന് പറഞ്ഞു ചിന്നു കൂട്ടുകാരേം വിളിച്ചു ജോലി തുടങ്ങി.

തേനീച്ച കുഞ്ഞുങ്ങൾ പറഞ്ഞു ഇവർക്കു കിട്ടിയതൊന്നും പോരാ മുത്തശ്ശിയുടെ കൈയിൽ നിന്ന്  എന്നും വഴക്കു വാങ്ങി കൂട്ടിയാലേ സമാധാനം ആവൂ. കൂട്ടത്തിലുള്ള വേറൊരു തേനീച്ച പറഞ്ഞു അവർ ചെയ്യുന്നത് നല്ല കാര്യമല്ലേ എന്ന്. നല്ലതൊക്കെ തന്നെ എന്തിനും ഏതിനും ഇവരെ വഴക്കു പറയുന്ന മുത്തശ്ശിക്ക് ഇതൊക്കെ ഇഷ്ടമാവുമോ എന്ന് തേനീച്ച കുഞ്ഞുങ്ങൾ സംശയിച്ചു. കാക്കകൾ തന്റെ മുറ്റം വൃത്തിയാക്കുന്ന കാഴ്ച്ച ജനാലയിലൂടെ കണ്ട മുത്തശ്ശിക്ക് കാക്കകളെ വഴക്കു പറഞ്ഞതിൽ വല്ലാത്ത വിഷമം തോന്നി."എന്റെ ഈശ്വര ഈ പാവങ്ങളെ ആണല്ലോ ഞാൻ ആട്ടി ഓടിച്ചത് എന്ന് ഓർത്ത് മുത്തശ്ശി വിഷമിച്ചു. കലപില കൂട്ടി ബഹളം വെക്കുന്ന ഈ കാക്കക്കൂട്ടത്തിന് ഇത്രേം നല്ല മനസ്സ് ഉണ്ടായിരുന്നോ എന്ന് ചിന്തിച്ചു. മുത്തശ്ശി കട്ടിലിൽ നിന്നെഴുന്നേറ്റു മുറ്റത്തേക്കു നെയ്യപ്പവുമായി പോയി. അപ്പോൾ തന്നെ കാക്കകൾ മരക്കൊമ്പിലേക്കു  പറന്നു പോയി. മുത്തശ്ശി പോകല്ലേ പോകല്ലേ എന്ന് പറഞ്ഞ് അവരെ വിളിച്ചു. "മക്കളെ പോകല്ലേ ഇനി ഞാൻ നിങ്ങളെ ഒന്നും ചെയ്യില്ല " നെയ്യപ്പം കാണിച്ചിട്ട് ഇതു നിങ്ങൾക്കുള്ളതാ നിറയെ കഴിച്ചോ എന്നു പറഞ്ഞു. കാക്കകൾ പരസ്പരം നോക്കി. മുത്തശ്ശി നെയ്യപ്പപാത്രം താഴെ വെച്ചു. സന്തോഷത്തോടെ മുത്തശ്ശി വിളമ്പിയ നല്ല സ്വാദുള്ള നെയ്യപ്പങ്ങൾ കഴിക്കാൻ  കാക്കകൾ കലപില ശബ്ദങ്ങൾ ഉണ്ടാക്കി മുറ്റത്തേക്കു പറന്നിറങ്ങി. അങ്ങനെ അന്ന് മുതൽ അവർ നല്ല ചങ്ങാത്തത്തിലായി.





**ഷിജിന**
**9 B**

# അമ്മ

അമ്മയാണമ്മയാണെന്റെയെല്ലാം
അമ്മതൻ സ്നേഹം മറക്കുകില്ല (2)
അമ്മയെക്കാണാതെ ഒരുനാളെപ്പൊഴോ
ഒറ്റയ്ക്കുനിന്നൊരു നേരമപ്പോൾ
നെഞ്ചു പിടഞ്ഞു ഞാൻ
ഓർത്തുനിന്നമ്മയെ (2)
(അമ്മയാണമ്മയാണെന്റെയെല്ലാം)
അമ്മ മാറോടു ചേർക്കുമ്പോൾ
തലയിൽ തലോടുമ്പോൾ
അമ്മതൻ മനസ്സ് നിറഞ്ഞു നിൽക്കും (2)
(അമ്മയാണമ്മയാണെന്റെയെല്ലാം)
കുഞ്ഞിക്കാലുകൾ പിച്ചവെയ്ക്കുമ്പോൾ
ഓടിയെത്തിയപ്പൊഴെന്റെയമ്മ(2)
(അമ്മയാണമ്മയാണെന്റെയെല്ലാം)
കുഞ്ഞിന്റെനാവിൽ നിന്നാദ്യരണ്ടക്ഷരം
അമ്മയെന്നാണെന്നതോർത്തുപോയി(2)
അമ്മയാണമ്മയാണെന്റെയെല്ലാം
അമ്മതൻ സ്നേഹം മറക്കുകില്ല
അമ്മതൻ സ്നേഹം മറക്കുകില്ല.





**അഞ്ജലി രാജേഷ്**
**8 B**

# അച്ഛൻ, വീടിന്റെ നന്മമരം

" ഒരു കുടയാണ്
മക്കളുടെ പുഞ്ചിരിക്കുമീതെ
കണ്ണീരിന്റെ മഴ വീഴാതിരിക്കാൻ
സ്വയം നിവർന്നു പിടിക്കുന്ന
ഒരു കുട"

അതെ , അച്ഛൻ കൊളളുന്ന വെയിലാണ് മക്കൾ അനുഭവിക്കുന്ന തണൽ.

ഒരു കുടുംബത്തിലെ ഭാരം മുഴുവൻ ഏറ്റെടുത്ത് ആയുസ്സിന്റെ മുക്കാൽ ഭാഗവും മക്കൾക്കു വേണ്ടി മാറ്റിവെച്ചവരാണ് ഓരോ അച്ഛനും. അച്ഛൻ എപ്പോഴും തിരസ്ക്കരിക്കപ്പെടുന്ന സ്നേഹത്തിന്റെ നിധിയാണ്. സ്നേഹവും കരുതലും ഒക്കെ ഉള്ളിൽ നിറച്ച് നിശബ്ദനായിനടക്കുന്ന ഒരാളാണ് അച്ഛൻ . നാം എന്നും കൂടുതലായിക്കേട്ടുക്കൊണ്ടിരിക്കുന്നത് നമ്മുടെ അമ്മമാരെ കുറിച്ചുള്ള വർണ്ണനകളാണ് . അച്ഛനെക്കുറിച്ച് വളരെ വിരളമായി മാത്രമേ വർണ്ണിച്ചു കേൾക്കാറുള്ളൂ. പത്തു മാസം ചുമന്നില്ലെങ്കിലും നൊന്തു പ്രസവിച്ചില്ലെങ്കിലും കടലോളം സ്നേഹമുണ്ട് ആ മനസ്സിൽ . ഹൃദയം ഉരുകുമ്പോഴും അത് പുറത്തറിയിക്കാതെ , തന്നെ ആശ്രയിക്കുന്നവരെ മുഴുവൻ താങ്ങിനിർത്തുന്നവരാണവർ. അമ്മയുടെ ഉദരത്തിൽ മക്കൾ ജന്മം കൊള്ളുമ്പോൾ അച്ഛന്റെ ഹൃദയത്തിലാണ് മക്കൾ ജന്മം കൊള്ളുന്നത്. ഏറെ ഉയരത്തിലായിരുന്ന സ്വപ്നങ്ങൾക്കപ്പുറം പറന്നെത്താൻ ചിറകുകൾ തന്ന് മഴയത്തും വെയിലത്തും സ്നേഹത്തിന്റെ തണൽ മരമാകുന്നു അച്ഛൻ. അച്ഛൻ എന്ന തണൽ മരത്തിനു കീഴിൽ നാം എല്ലാവരും സുരക്ഷിതരാണ് . അത് അച്ഛൻ നമുക്കുത്തരുന്ന ഉറപ്പാണ്. മനസ്സുതുറന്ന് ചിരിക്കാൻ കഴിയുന്ന ഏതൊരു മക്കളുടെ പിന്നിലും ഒരച്ഛനുണ്ടാകും.തനിക്കൊന്നും ആകാൻ പറ്റിയില്ലെങ്കിലും തന്റെ മക്കൾ ഉയർന്ന നിലയിൽ എത്തണമെന്ന് ആഗ്രഹിക്കുന്നവരാണ് ഓരോ അച്ഛനും .

നമ്മൾ വായിച്ചതിൽ ഏറ്റവും നല്ല പുസ്തകം അമ്മയാണെങ്കിലും ആ പുസ്തകം വായിച്ചെടുക്കാനുള്ള വെളിച്ചമാണ് അച്ഛൻ . ആ മനസ്സിൽ എത്ര വലിയ സങ്കടങ്ങൾ ഉണ്ടായാലും കണ്ണുനീർ ഉള്ളിലൊതുക്കിക്കഴിയുന്ന നമ്മുടെ അച്ഛന് അവർ ആഗ്രഹിക്കുന്ന സ്നേഹം മക്കളിൽ നിന്ന് കിട്ടുന്നുണ്ടോ ?. ഒരു വിശേഷദിവസം വന്നാൽ അച്ഛൻ മക്കൾക്ക് പുത്തൻ ഉടുപ്പുകൾ വാങ്ങി സമ്മാനിക്കാറുണ്ട് . എന്നാൽ മക്കൾ ആ അച്ഛനോട് ചോദിച്ചിട്ടുണ്ടോ ? 'അച്ഛാ അച്ഛനുവേണ്ടി ഉടുപ്പെടുത്തില്ലേ'? എന്ന് . സമ്മാനമായിക്കിട്ടിയ പുതുവസ്ത്രങ്ങളുടെ ഭംഗി ആസ്വദിക്കുന്നതിനിടയിൽ നമുക്കെവിടെയാണ് സമയം. ? അച്ഛന്റെ കാര്യം ചോദിക്കാൻ . അനുഭവത്തിന്റെ തീചൂളയിൽ ചുട്ടെടുത്ത വാക്കുകൾക്ക് സൗന്ദര്യം കുറവായിരിക്കും. അതാകും നമ്മളിൽ പല മക്കൾക്കും അച്ഛന്റെ ഉപദേശം പലപ്പോഴും ഇഷ്ടപ്പെടാതെ പോയത്. വെയിലിനിത്രയും തീവ്രതയുണ്ടെന്ന് നമ്മൾ മനസ്സിലാക്കുന്നത് അച്ഛൻ എന്ന തണൽ മരം നഷ്ടപ്പെടുമ്പോഴാണ് . അച്ഛൻ എന്ന അത്ഭുതം നാം തിരിച്ചറിയുന്നത്. മക്കൾക്കൊരു ചെറിയ പനി വന്നാൽ അച്ഛന്റെ ഉള്ളിലെ ടെൻഷൻ നമ്മൾ അറിയാൻ ശ്രമിച്ചിട്ടുണ്ടോ? . ചെറുതായി ഒന്നു വീണ് ചോര പൊടിഞ്ഞാൽ പോലും വിറയ്ക്കുന്ന കൈകളോടെ നമ്മളെ എടുത്ത് ആശുപത്രിയിൽ കൊണ്ടുപോകുന്ന അച്ഛന്റെ നെഞ്ചിടിപ്പ് നമ്മൾ കേൾക്കാൻ ശ്രമിച്ചിട്ടുണ്ടോ? ക്ലാസ് കഴിഞ്ഞ് വരാൻ വൈകിയാൽ വഴിയരികിൽ കാത്തു നിൽക്കുന്ന അച്ഛന്റെ ഉള്ളിലെ കാവൽക്കാരനെ നമ്മൾ കാണാൻ ശ്രമിച്ചിട്ടുണ്ടോ? എത്രയോക്കെ ഇല്ലായ്മ പറഞ്ഞാലും ഒന്നും ബാക്കിവെക്കാതെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുതരുന്നവരാണ് ഓരോ അച്ഛനും . 'അച്ഛൻ' എന്ന വാക്ക്  കേൾക്കുമ്പോൾ 'ധൈര്യം' എന്ന പദം കൂടി കൂട്ടിവെയ്ക്കാൻ  സാധിക്കണം ഓരോ മക്കൾക്കും . അച്ഛൻ എന്ന വാക്കിന് നിർവചനങ്ങളില്ല. നമ്മുടെ ജീവിതത്തിലെ ഓരോ ഉയർച്ചയിലും താഴ്ച്ചയിലും ഒരു കൈത്താങ്ങായി അച്ഛൻ നമ്മുടെ കൂടെ ഉണ്ടാകും. അച്ഛൻ നമ്മുടെയൊക്കെ ഭാഗ്യമാണ്. അച്ഛൻ ചുമന്ന ചുമടുകൾ അത്രയും സ്വപ്നങ്ങളായിരുന്നു , നമ്മെക്കുറിച്ചുള്ള സ്വപ്നങ്ങൾ.

ഒരു കുടുംബത്തെ നിലനിർത്തുന്ന തൂണുകളാണ് ഓരോ അച്ഛനും .
അമ്മയുടെ ത്യാഗത്തിനും സ്നേഹത്തിനുമൊപ്പം അച്ഛന്റെ വിയർപ്പും കഷ്ടപ്പാടും കൂടി ചേരുമ്പോഴാണ് ഓരോ കുഞ്ഞുങ്ങളുടേയും ജീവിതം ധന്യമാകുന്നത്.

'എഴുതപ്പെടണം ഈ ലോകത്തിലെ ഓരോ അച്ഛനും അമ്മയുടെ പേരിനൊപ്പം'

വിയർപ്പിന് പോലും സ്നേഹത്തിന്റെ സുഗന്ധമുണ്ടെന്ന് തെളിയിച്ച ഒരു നന്മമരമാണ് , അച്ഛൻ.

വിയർപ്പിന്റെ ഉപ്പ് രസം കൊണ്ട് നമ്മുടെ ജീവിതങ്ങൾ മധുരമുള്ളതാക്കിയ സുന്ദരകാവ്യം. താൻ തോറ്റ ജീവിത മത്സരങ്ങളിൽ മക്കളെ ജയിപ്പിക്കുമെന്ന വാശിയോടെ കനൽ വഴികൾ നിറഞ്ഞ ജീവിതത്തോട് പൊരുതിക്കൊണ്ടിരിക്കുന്നു ഓരോ അച്ഛനും.

"ആരും പഠിക്കാത്ത പാഠമാണച്ഛൻ
ആരും ഗ്രഹിക്കാത്ത ഗ്രന്ഥമാണച്ഛൻ
പരിഭാഷയെല്ലാം ഒരു പോലിരിക്കും
പാരിലെ പുസ്തകമെന്നുമച്ഛൻ".





**ശ്രീക്കുട്ടി ഇ.എൽ**
**9 B**

# കള്ളൻ

ത്രിവിക്രമൻ സാറും ഭാര്യ സാറാമ്മയും പുത്തൻ പണക്കാരാണ്. അതിന്റെ നെഗളിപ്പ് അവർക്കുണ്ട്.അവർ വീട് പൂട്ടി എങ്ങും പോവാറില്ല.അവൻ ആ വീടിനെ ലക്ഷ്യം വെച്ചിട്ട് നാളൊത്തിരിയായി.ആ വീട്ടിൽ ഒന്ന് കേറി പറ്റിയാൽ എന്തെങ്കിലും കാര്യമായി തടയുമെന്ന് അവൻ പ്രതീക്ഷിക്കുന്നുണ്ട്.മോഷണം അത്ര നല്ല പരിപാടിയല്ല എന്ന് അവനെ ആരും ഉപദേശിച്ചില്ല. ഉപദേശിക്കേണ്ട കാരണവന്മാർ തന്നെ ദിനവും മോഷ്ടിക്കുന്നത് അവൻ കാണുന്നുണ്ട്.അതിനാൽ അവനും ആ വഴി തന്നെ സ്വീകരിച്ചു. ത്രിവിക്രമൻ സാറിന്റെ മീശയും സാറാമ്മയുടെ നാക്കും ആരെയും പേടിപ്പെടുത്തിക്കളയും .അതിനാൽ അവന്റെ ഉള്ളിൽ ചെറിയൊരു ഭയമില്ലാതില്ല.ഒന്നുരണ്ടു പ്രാവശ്യം രാത്രിയിൽ ആ വീട്ടിൽ കയറാൻ നോക്കിയെങ്കിലും അത് നടന്നില്ല.വലിയ വീടായതിനാൽ അവർ വാതിലും ജനലും ഭദ്രമായി അടക്കും. സാറാമ്മയുടെ നാക്കിനെ ഭയന്ന് പാവം ത്രിവിക്രമൻ സാർ രാത്രികൾ ടോർച്ചെടുത്ത് ഇറങ്ങും.അങ്ങനെ രാത്രികൾ കടന്നു പോയി. ഒരുദിവസം അവന് വീട്ടിൽ കയറാൻ അവസരം കിട്ടി . അവൻ വീട്ടിൽ കയറി, ചെന്ന് പെട്ടത് ത്രിവിക്രമൻ സാറിന്റെയും ഭാര്യ സാറാമ്മയുടെയും മുമ്പിൽ . അങ്ങനെ അവന്റെ കാര്യം തീരുമാനമായി.

ഗുണപാഠം:-ചീത്ത കാര്യങ്ങൾക്കായുള്ള പരിശ്രമം
ഫലം കാണുകയില്ല.







**ബെൻഹർ ജോസഫ്**
**9 B**

# രാത്രിയാകുന്ന അമ്മ

രാത്രിയിൽ അമ്മയെപ്പോലെ,
നിലാവ് നമ്മെ ഉറക്കുന്നു
അമ്മതൻ വാത്സല്യം തന്നുണർത്തി
നിലാവ് മാഞ്ഞു പോകുന്നു
അമ്മയെ പോലെ രാത്രി,
നിലാവ് ശോഭിക്കുന്നു
നിലാവാകുന്ന അമ്മ .
രാത്രി എന്ന മായാലോകം
സ്വപ്നങ്ങളിലേക്കുള്ള വഴിയിൽ
വഴികാട്ടിയായി നിലാവ് വരുന്നു.
പകലാകുന്ന വെളിച്ചമാണ് സൂര്യൻ
രാത്രിയാകുന്ന വെളിച്ചമാണ് ചന്ദ്രൻ
ആകാശത്തുനിന്ന് നക്ഷത്രങ്ങൾ
പുഞ്ചിരിക്കുന്നത് പോലെ
അമ്മ നമ്മെ നോക്കി പുഞ്ചിരിക്കുന്നു
അമ്മയാകുന്ന രാത്രി.
രാത്രി എന്നൊരു മായാലോകം





**സ്നേഹ കെ.എസ്**
**9 B**

# കൊറോണ വരുത്തിയ മാറ്റങ്ങൾ

കൊറോണ എന്ന മഹാമാരി ജനജീവിതത്തിൽ ഒത്തിരിയേറെ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മനുഷ്യർ എല്ലാവരും തുല്യരാണെന്ന് ഈ കാലഘട്ടം തെളിയിച്ചു. സ്നേഹബന്ധങ്ങളുടെ വിലയും മൂല്യവും നന്നായി മനസ്സിലാക്കുവാൻ സാധിച്ചു. ഓരോ വീടുകളിലും പൂന്തോട്ടങ്ങളും, അടുക്കള തോട്ടങ്ങളും ഓരോ കുടുംബങ്ങളും ഉണ്ടാക്കുവാൻ തുടങ്ങി.

ലളിതമായ രീതിയിൽ ഏതു ചടങ്ങുകളും നടത്താൻ കഴിയുമെന്ന് കൊറോണ മനുഷ്യനെ പഠിപ്പിച്ചു. അതുപോലെതന്നെ പലവിധത്തിലുള്ള ദോഷവശങ്ങളും കൊറോണ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. കുട്ടികൾ ഇന്റർനെറ്റിനും, സോഷ്യൽ മീഡിയകൾക്കും, ഗെയിമുകൾക്കും അടിമപ്പെട്ടിരിക്കുന്നു. കൂടുതൽ പേരുടെ തൊഴിൽ നഷ്ടമാകുകയും ചെയ്തു. പല വ്യവസായ സ്ഥാപനങ്ങളും അടച്ചു പൂട്ടി. മോഷണം, അക്രമ സംഭവങ്ങൾ എന്നിവ വർദ്ധിച്ചു. സാധാരണക്കാരുടെ ജീവിതം കടുത്ത ദാരിദ്ര്യത്തിൽ ആയി.

വിദ്യാഭ്യാസ രംഗത്തും വലിയ പ്രതിസന്ധികൾ ഉണ്ടായിരുന്നു. ഓൺലൈൻ പഠനം കുട്ടികളിലെ വിദ്യാഭ്യാസരീതിയെത്തന്നെ മാറ്റിമറിച്ചു.

മതപരമായ ചടങ്ങുകളിലും കുറേ മാറ്റങ്ങൾ വന്നു. മനുഷ്യന്റെ ജീവിത രീതിയും സ്വഭാവ രീതിയും കൂടി മാറ്റി മറിച്ച ഒരു കാലഘട്ടം കൂടിയാണ് കൊറോണക്കാലം.






**അഹീര പി.ജെ**
**9 B**

# കുഞ്ഞു പക്ഷിയും വവ്വാലും

ഒരിടത്ത് ഒരു ഗ്രാമത്തിൽ പെട്ടെന്ന് ഒരു കാട്ടുതീ  പടർന്നു പിടിച്ചു .എല്ലാവരും ഭയന്നു നിലവിളിച്ച് ഓടാൻ തുടങ്ങി. ഒരു വവ്വാൽ തന്റെ ജീവൻ രക്ഷിക്കാനായി അവിടെനിന്നും പറന്നകലുന്നതിനിടയിലാണ് ഒരു കുഞ്ഞു പക്ഷി അവിടെ ഒരു മരക്കൊമ്പിൽ ഇരിക്കുന്നത് കണ്ടത്. ആ കുഞ്ഞിക്കിളി അടുത്തുള്ള ഒരു തടാകത്തിൽ പോവുകയും അവിടെ നിന്ന് തന്റെ ചെറിയ കൊക്കിലൊതുങ്ങുന്നത്ര വെള്ളം നിറച്ച് അതുപയോഗിച്ച് തീ അണയ്ക്കാൻ ശ്രമിക്കുകയായിരുന്നു. ഇത് കണ്ട് വവ്വാൽ അത്ഭുതപ്പെട്ടു .വവ്വാൽ ആ കിളിയുടെ അടുത്ത് ചെന്ന് ചോദിച്ചു" നീ എന്താണ് കാണിക്കുന്നത് ?
നീ മണ്ടനാണോ?
നിന്റെ കൊക്കിലൊതുങ്ങുന്നത്ര വെള്ളം കൊണ്ട് ഈ തീ അണയ്ക്കാൻ കഴിയുമെന്ന് നിനക്ക് തോന്നുന്നുണ്ടോ ?"
കുഞ്ഞിക്കിളി അല്പനേരത്തിനുശേഷം മറുപടി പറഞ്ഞു "എനിക്ക് അതിന് സാധിക്കുമോ എന്നതിലല്ല എന്റെ കയ്യിൽ ഉള്ളതുകൊണ്ട് എനിക്ക് ചെയ്യാൻ കഴിയുന്നത് ഞാൻ ചെയ്യുന്നു" ഇത്രയും പറഞ്ഞു കൊണ്ട് കുഞ്ഞുക്കിളി തന്റെ  പ്രവൃത്തി തുടർന്നുകൊണ്ടിരുന്നു .

ഗുണപാഠം :- നമ്മുടെ കയ്യിൽ എന്തുണ്ട് എന്ത് ഇല്ല എന്നതിലല്ല ഉള്ളതുകൊണ്ട് നാം എന്തു ചെയ്യുന്നു എന്നതിലാണ് കാര്യം.







**ഹിമ കെ.ജി**
**9 B**

# യാത്ര

ഓരോ യാത്രയും ഓരോ പാഠപുസ്തകങ്ങളാണ്. നിറമുള്ള കാഴ്ച്ചകൾക്കും തണുത്ത കാറ്റിനുമപ്പുറത്ത് യാത്രകൾ നൽകുന്ന ഒരു ഉൾക്കാഴ്ച്ചയുണ്ട്. വേറിട്ട ജീവിതങ്ങൾ, പുത്തനറിവുകൾ, പുതിയരുചിക്കൂട്ടുകൾ, ഭാഷാപ്രയോഗങ്ങൾ, പ്രാദേശിക പൈതൃകം.

നമ്മൾ എന്നും ആയിരിക്കുന്ന നമ്മുടെ ചെറിയ ലോകം വിട്ട് വിശാലമായ ആ വലിയ ലോകത്തേക്കുള്ള ചെറിയ ചുവടുവെപ്പുകൾ നമ്മെ കൊണ്ടെത്തിക്കുന്നത് മനോഹരമായ തീരങ്ങളിലേക്കും ഉന്നതമായ ചിന്തകളിലേക്കുമാണ്.






**മിസ്ബ ഷാജി**
**9 B**

# ചിത്രരചനകളിലൂടെ ......







**അപർണ സുരേഷ്**
**9 B**





**മേരി ഷിയ**
**9 B**





**ആൻവിയ ഗ്രേയ്റ്റ്**
**9 B**





**മിസ്ഭ ഷാജി**
**9 B**





**റിതിയ കെ.ആർ**
**9 B**





**അന്ന ടെലൻസ്**
**9 B**





**ഇമ്മാനുവൽ സി.ജെ**
**9 C**





**മേരി ഹെൽന**
**9 B**





**ആന്റണി വിജയ്**
**9 A**






**ശ്രീക്കുട്ടി ഇ.എൽ**
**9 B**






**ആദിൽ കൃഷ്ണ**
**9 C**







**മരിയ ഗോൻഷ**
**9 B**






**അംജിത്ത്**
**10 C**

# പ്രകൃതി കാഴ്ചകൾ





**ആൻവിയ ഗ്രേയ്റ്റ്**
**9 B**

# വിജയാശംസകൾ

## SSLC Batch 2021-'22



10 A



10 B



10 C

# അഭിനന്ദനങ്ങൾ

## USS-LSS ജേതാക്കൾ



ധനലക്ഷ്മി



മേരി ഡോണ



സാവിയോ

## RAA-2021 ക്വിസ് വിജയി



സൂര്യ നാരായണൻ

## സ്വദേശ് മെഗാ ക്വിസ് വിജയികൾ



ആന്റണി ജോസഫ്



സൂര്യ നാരായണൻ

## ശാസ്ത്രരംഗം വർക്ക് എക്സ്പീരിയൻസ് വിജയി



ഹെലീന

# സംസ്കൃതം സ്കോളർഷിപ്പ് ജേതാക്കൾ



അന്ന അനീറ്റ



അൽക്ക ജെൻസൺ



മേരി ഡോണ



ഹിമ കെ.ജി



ആൻവിയ ഗ്രേയ്റ്റ്



ഐശ്വര്യ പി.എസ്



സൂര്യനാരായണൻ

# ഇൻസ്പെയർ അവാർഡ് ജേതാവ്



ഇവാനിയ ടി.എ

## ആസാദി കാ അമൃത് മഹോത്സവ് - പ്രാദേശിക ചരിത്ര രചന വിജയികൾ



**അൽക്ക ജെൻസൺ**



**ആൻവിയ ഗ്രേയ്റ്റ്**

## KCBC കവിതാരചന വിജയി



**അഞ്ജലി രാജേഷ്**

## വിദ്യാരംഗം കലാ സാഹിത്യവേദി - പുസ്തകാസ്വാദനം മത്സരം വിജയി



**ആഗ്നസ് ജോയ്‌ലിൻ ഫിഗരേദോ**

**ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ അധ്യാപകർക്കും സഹപാഠികൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.....**




നന്ദി.......